# അമേരിക്കൻ ഭക്ഷ്യമേളയിൽ നീരയ്ക്കു വൻ സ്വീകാര്യത

കൊച്ചി: അമേരിക്കയിലെ ഏറ്റവും വലിയ ഭക്ഷ്യമേളയായ 60-ാമത് സമ്മർ ഫാൻസി ഫുഡ് ഷോ - 2014ൽ നാളികേര വികസന ബോർഡിന്റെ പ്രാതിനിധ്യം ശ്രദ്ധേയമായി. ന്യൂയോർക്കിലെ ജേക്കബ് ജാവിറ്റ്സ് കൺവൻഷൻ സെന്ററിൽ നടക്കുന്ന പ്രദർശനത്തിൽ നാളികേര വികസന ബോർഡ് ഡയറക്ടർ ടി.ഐ.മാത്യുക്കുട്ടി ബോർഡിനെ പ്രതിനിധീകരിച്ച് ഇന്ത്യൻ പവലിയനിൽ പ്രദർശനമൊരുക്കി. കേന്ദ്ര സർക്കാരിന്റെ എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിന്റെയും വിവിധ വാണിജ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ബ്രാൻഡ് ഇന്ത്യ എന്ന ആശയവും പദ്ധതിയും ഇന്ത്യൻ പവലിയനിലൂടെ അവതരിപ്പിക്കാനാണ് പ്രദർശനത്തിലൂടെ ലക്ഷ്യമിടുന്നത്. സമ്മർ ഫാൻസി അന്തർദേശീയ പ്രദർശനത്തിലൂടെ കഴിഞ്ഞ നാലുവർഷമായി ഒരു എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ എന്ന നിലയിൽ ബോർഡ് ഇന്ത്യൻ നാളികേര ഉത്പന്നങ്ങൾക്ക് അമേരിക്കൻ വിപണിയിലുള്ള സാധ്യത അന്വേഷിക്കുകയാണ്. ഈ മേളയിലൂടെ ഇന്ത്യൻ നാളികേര ഉത്പന്നങ്ങൾ അമേരിക്കൻ വിപണിയിൽ ഏറെക്കുറെ പരിചിതമായിക്കഴിഞ്ഞു.

പ്രദർശനത്തിന്റെ ഉദ്ഘാടന ദിവസമായ കഴിഞ്ഞ 29ന് ഇന്ത്യൻ വാണിജ്യ-വ്യവസായ വകുപ്പിനു കീഴിലെ അഗ്രിക്കൾച്ചറൽ ആൻഡ് പ്രൊസസ്ഡ് ഫുഡ് പ്രൊഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അഥോറിട്ടി (എപിഇഡിഎ) ജനറൽ മാനേജർ അലാം സിംഗ് റവാത്ത് ബോർഡിന്റെ പവലിയൻ ഉദ്ഘാടനം ചെയ്തു. അഗ്രിക്കൾച്ചറൽ ആൻഡ് പ്രൊസസ്ഡ് ഫുഡ് പ്രൊഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അഥോറിട്ടി മുഖാന്തിരമാണ് പ്രദർശനത്തിൽ ബോർഡ് പങ്കെടുത്തത്. നീരയും നീരയുടെ മൂല്യവർധിത ഉത്പന്നങ്ങളായ നീര ചോക്ലേറ്റ്, നീര കുക്കീസ്, തെങ്ങിൻ ചക്കര, ജാം, ബിസ്ക്കറ്റ് എന്നിവയും ബോർഡിന്റെ പവലിയനിലെ ആകർഷണീയതകളായിരുന്നു.

കൂടാതെ വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് മിൽക്ക് പൗഡർ, നാളികേര ചിപ്സ് എന്നിവയ്ക്കും വ്യാപാര അന്വേഷണങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇന്ത്യൻ നാളികേര ഉത്പന്നങ്ങളായ കോക്കനട്ട് ക്രീം, കോക്കനട്ട് മിൽക്ക്, തൂൾ തേങ്ങ, പായ്ക്കുചെയ്ത ഇളനീർ, വിവിധ ബ്രാൻഡുകളിലുള്ള വെളിച്ചെണ്ണ, എന്നിവയും സ്റ്റാളിൽ പ്രദർശനത്തിനും വിൽപ്പനയ്ക്കുമായി സജീകരിച്ചിരുന്നു കൂടാതെ നാളികേരത്തിന്റെ നന്മ വിളിച്ചോതുന്ന തരത്തിൽ വിവിധ ഉത്പന്നങ്ങളുടെ പരസ്യങ്ങളും പോസ്റ്ററുകളും പ്രദർശിപ്പിച്ചിരുന്നു. നാളികേര ബോർഡിനെകൂടാതെ മറ്റ് സർക്കാർ/സ്വകാര്യ മേഖലയിൽ നിന്നുള്ള സ്ഥാപനങ്ങളും ഇന്ത്യൻ പവലിയനു കീഴിൽ മേളയിൽ പങ്കെടുത്തു.